LIBRARY ARCHIVES Kerala Legislative Assembly

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാൽ പൂർത്തീകരണം

215(961) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതിലെ അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്താമോ; കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

22-2-2017 ലെ സ.ഉ(സാധാ)നമ്പർ 146/2017/ജവിവ പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ

1.	ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും	ചെയർമാൻ
2.	ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2	കൺവീനർ
3.	ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി	മെമ്പർ
4.	സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.വി.ഐ.പി പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ	

മെമ്പർ ടെക്നിക്കൽ കമ്മിറ്റി പ്രത്യേക റിപ്പോർട്ട് നൽകിയിട്ടില്ലെങ്കിലും 29-4-2020-ലെ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിലെ തീരുമാനപ്രകാരം പൂർത്തീകരിക്കുവാനുള്ള 2,3,5&6 എന്നീ നാല് റീച്ചുകളിലേയും പ്രവൃത്തികൾ ക്രോഡീകരിച്ച് നിലവിൽ കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യം വേണ്ട പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തികൊണ്ട് ഒറ്റ പ്രവൃത്തിയാക്കി നിലവിലെ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത കനാലിന്റെ രണ്ട്, അഞ്ച് റീച്ചുകളുടെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അംഗീകാരം നൽകിയിട്ടില്ല. രണ്ടാം (ചെ. 1210 മീ. മുതൽ 2560 മീ. വരെ) റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്. അഞ്ചാം (ചെ. 5430 മീ. മുതൽ 7330 മീ. വരെ) റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ 10-9-2021-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇനി എത്ര റീച്ചുകളുടെ പണികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; മുളക്കുളം പഞ്ചായത്തിലെ മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

2, 3, 5 & 6 എന്നീ നാല് റീച്ചുകളുടെ പണികൾ പൂർത്തീകരിക്കുവാനുണ്ട്. മുളക്കുളം പഞ്ചായത്തിൽ പതിനേഴാം വാർഡിലെ ആറാമത്തെ റീച്ചിൽ ഉൾപ്പെടുന്ന ചെ. 9700 മീ. റോഡ് ക്രോസിംഗിലെ താൽകാലിക പാലം പുനരുദ്ധരിച്ചുകൊണ്ട് അപകടാവസ്ഥ പരിഹരിച്ചിട്ടുണ്ട്.

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ തകർന്ന് കിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ കനാൽ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്

കൽപ്പറ്റ മണ്ഡലത്തിലെ പാടിക്കര-ചിത്രമൂല ഡാം നവീകരണ പ്രവർത്തനം

216(962)ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പാടിക്കര-ചിത്രമൂല ഡാം വി.സി.ബി.-കം-ട്രാക്കർ വേ ആക്കി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

(എ & ബി) 2018-19 സാമ്പത്തിക വർഷത്തിൽ 14 പ്രോജക്ട്സ് ഇൻ കാവേരി ബേസിനിൽ ഉൾപ്പെടുത്തി 13-11-2018-ലെ G.O (Rt) No.819/2018/WRD പ്രകാരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര- ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണ പ്രവൃത്തിക്ക് 139.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തദ്ദേശവാസികളായ പാടശേഖര സമിതി അംഗങ്ങൾ, ബഹുമാനപ്പെട്ട എം.എൽ.എ. എന്നിവരുടെ അഭ്യർത്ഥന പ്രകാരം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly